നടപ്പിലാക്കാൻ സർക്കാരിൽനിന്ന് ഭരണാനുമതി ലഭിച്ചിരുന്നു. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു :

ക്രമ നം.	വർഷം	തുക (രൂപ ലക്ഷത്തിൽ)	ഭരണാനുമതി
1	2011-12	1173.50	സ.ഉ.(സാധാ) 2541/11/ആകവ/തീയതി 5-1-2012
2	2012-13	1450.00	സ.ഉ.(സാധാ) 2851/12/ആകവ/തീയതി 27-8-2012
3	2013-14	1400.00	സ.ഉ.(സാധാ) 4064/13/ആകവ/തീയതി 6-12-2013
4	2014-15	1250.00	സ.ഉ.(സാധാ) 2191/14/ആകവ/തീയതി 30-6-2014

2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 14-ാം ധനകാര്യ കമ്മീഷന്റെ വിഹിതം 1450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

100 (765) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ട പ്രകാരം 4556/M1/2015/H&FW നമ്പർ ഫയലിൽ രേഖപ്പെടുത്തിയിരുന്ന അത്യാവശ്യതസ്തികകൾക്കുള്ള പ്രൊപ്പോസൽ ഡി.എച്ച്.എസ്.-ൽ നിന്നും നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഡി.എച്ച്.എസ്-ൽ നിന്നുള്ള പ്രൊപ്പോസലിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. അത്യാവശ്യം വേണ്ട 38 തസ്തികകൾ ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 13344/ എം1/ 2013/ആ.ക.വ. എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. ടി ഫയൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശയോടെ ധനകാര്യവകുപ്പിലേക്ക് അയച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

പെരിമ്പിലാവ് പ്രാഥമിക ആരോഗ്യകേന്ദ്രം

101 (766) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്ത് പെരിമ്പിലാവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ഡോക്ടർ ഇല്ലാത്തതിനാൽ മുടക്കത്തിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പനി, ഛർദ്ദി, വയറിളക്കം തുടങ്ങിയ മഴക്കാലപൂർവ്വരോഗങ്ങൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നതു കണക്കിലെടുത്ത്, ധാരാളം രോഗികൾ ചികിത്സ തേടിയെത്തുന്ന പ്രസ്തുത P.H.C.-യിൽ ഡോക്ടറെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പെരുമ്പിലാവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ 19-6-2015 വരെ ശൂന്യവേതനാവധിയിലാണ്. ആയതിനാൽ സാമൂഹികാരോഗ്യ കേന്ദ്രം പഴഞ്ഞിയിലെ ഒരു ഡോക്ടർക്ക് പെരുമ്പിലാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പൂർണ്ണ അധിക ചുമതല നൽകിയിട്ടുണ്ട്.

ക്ലിനിക്കൽ ലാബുകളിലെ ജീവനക്കാരുടെ യോഗ്യത

102 (767) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ ലാബുകളിൽ നിശ്ചിത യോഗ്യതയില്ലാത്തവർ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly